(ഡി) കൊല്ലം ജില്ലയിൽ 28.40 ആർ സ്ഥലം തിരിച്ചുപിടിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ ബ്ലോക്ക് 12-ൽ ഇടശ്ശേരി ടവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഉടമകളിൽ 1.78.80 ഹെക്ടർ കായൽ പുറമ്പോക്ക് തിരിച്ചുപിടിച്ചിട്ടുണ്ട്. അമ്പലപ്പുഴ താലൂക്കിൽ മുല്ലയ്ക്കൽ വില്ലേജിൽ ആകെ 8.30 ആർ രണ്ടു വ്യക്തികൾ കയ്യേറിയിട്ടുള്ളതും ഇതിൽ 4.93 ആർസ് കയ്യേറ്റം കോടതി പരിഗണനയിലും ബാക്കിയുള്ള 3.30 ആർസ് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എൽ.സി. ആക്ട് പ്രകാരവും കേസെടുത്ത് നടപടി സ്വീകരിച്ചുവരുന്നു. ചേർത്തല താലൂക്കിൽ 5 കേസുകളിലായി 19.9 ആർസ് കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ കാപ്പിക്കോ റിസോർട്ട്സിന്റെ കയ്യേറ്റവുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ ടി റിസോർട്ടുടമകൾ കയ്യേറിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ള 2.9397 ഹെക്ടർ സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. കൂടാതെ പാണാവള്ളി വില്ലേജിൽ ചെറിയ തുരുത്തിൽ ആകെയുള്ള 1.61.86 ഹെക്ടർ സർക്കാർ ഭൂമിയിലെ പതിച്ചുകൊടുത്തിട്ടുള്ളതു കഴിച്ച് ബാക്കി സ്ഥലം തിരിച്ചുപിടിക്കുന്നതിനുള്ള സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു. കട്ടനാട് താലൂക്കിൽ കൈനകരി വില്ലേജിൽ ബ്ലോക്ക് നമ്പർ 9-238/2-ൽപ്പെട്ട ഭൂതപ്പാണ്ടം കായലിന്റെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എൽ.സി. ആക്ട് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കയ്യേറ്റം ബോധ്യപ്പെട്ടിട്ടുള്ള എല്ലാ താലൂക്കുകളിലും കോടതി കേസുകൾ നിലവിലില്ലാത്ത കയ്യേറ്റങ്ങളിൽ കെ.എൽ.സി. ആക്ട് പ്രകാരം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ 03.5125 ഹെക്ടർ കായൽ പുറമ്പോക്ക് കയ്യേറിയിട്ടുള്ളതും ചിറയിൻകീഴ് താലൂക്കിലെ കയ്യേറ്റത്തിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതുമാണ്. കൊല്ലം ജില്ലയിൽ പുറമ്പോക്ക് ഭൂമി കൈവശമുള്ളവർ 01.41.20 സ്ഥലം കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്ക് പരിധിയിൽ 6.42.30 ഹെക്ടർ കായൽ കയ്യേറിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ 5 ഏക്കർ കായൽ കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ കായൽ കയ്യേറ്റം റിപ്പോർട്ട് ചെയ്തിട്ടുള്ള 3 താലൂക്കുകളിലായി 25.84 ആർസ് കായൽ പുറമ്പോക്ക് ഒഴിപ്പിക്കുവാനായി കെ.എൽ.സി. ആക്ട് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

## റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം

121(3000) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പിന്റെ എല്ലാ സേവനങ്ങളും പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ; ഇല്ലെങ്കിൽ പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പിലെ എല്ലാ സേവനങ്ങളും പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ചിട്ടില്ല. റവന്യൂ വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേന്മയോടും കൂടി കമ്പ്യൂട്ടർവത്കരണത്തിലൂടെ ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതോടെ പ്രധാനമായും ലക്ഷ്യമിടുന്നത്. അപേക്ഷകന് എപ്പോഴും, എവിടെ നിന്നും വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കി വരുന്നതും. ഓൺലൈൻ ആയി വില്ലേജാഫീസർക്ക്/തഹസീൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകുന്നു. പദ്ധതിവഴി റവന്യൂ വകുപ്പിൽനിന്നും നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു. വസ്തുവിന്റെ പോക്കുവരവ്/ ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കി വരുന്നത്. പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് ഓൺലൈൻ പോക്കുവരവ് മുഖേന പരിഹരിച്ചുകിട്ടുകയും, വില്ലേജ്, റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുന്നില്ല എന്നുറപ്പാക്കുന്നതിനും പോക്കു വരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ, നിരീക്ഷണത്തിൽനിന്നോ മാറിപ്പോകാതിരിക്കുന്നതിനും ഈ സംവിധാനം ഉതകുന്നതാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു പ്രധാന ലക്ഷ്യം. സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ നൂതന സാങ്കേതിക വിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തി കേന്ദ്രീകൃതമായി സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. സർക്കാർ ഭൂമി കണ്ടെത്തി തിട്ടപ്പെടുത്തുക, ജാഗ്രതയോടെ സംരക്ഷിക്കുക, വിവേകപൂർവ്വം അവയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുക മുതലായവയാണ് മറ്റ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ജില്ലാ കളക്ടറേറ്റുകളെ ഉദ്ദേശിച്ചുള്ള ഒരു ഫയൽ മാനേജ്മെന്റ് സിസ്റ്റമാണ് ഡി.സി. സ്യൂട്ട്. നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ഇ-ഓഫീസ് സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാകുന്നതോടുകൂടി ടി ഓഫീസുകളിലെ ഫയൽ പ്രോസസ്സിംഗ് പൂർണ്ണമായും ഇലക്ട്രോണിക്സ് രീതിയിലേക്ക് മാറുന്നതാണ്. റവന്യൂ റിക്കവറി സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിൽ തീരുമാനമെടുക്കുന്നതിനും ആർ. ആർ. ഓൺലൈൻ എന്ന സംവിധാനം ഉപയോഗിക്കുന്നു. പൂർണ്ണമായി കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾക്കുള്ള കർമ്മ പദ്ധതി**

122(3001) ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

(ബി) 1. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി :-

ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചു കൊടുക്കുന്ന പദ്ധതിയാണിത്.

2. ഇ-ഡിസ്ട്രിക്ട് പദ്ധതി:-

പൊതുജനങ്ങൾക്ക് വിരൽത്തുമ്പിൽ സേവനം എത്തിക്കുക എന്ന ആശയം ലക്ഷ്യമാക്കി റവന്യൂ വകുപ്പ് നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ 24-ഓളം ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly